LIBRARY ARCHIVES Kerala Legislative Assembly

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വനിതാ ജീവനക്കാർക്കുവേണ്ടി പരാതി പരിഹാര സമിതികൾ

175 (2205) ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വനിതാ ജീവനക്കാർക്കു വേണ്ടി എന്തെങ്കിലും പരാതി പരിഹാര സമിതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സമിതിയുടെ രൂപീകരണം സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സമിതിയുടെ പരിപൂർണ്ണ നിയന്ത്രണം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ; പ്രസ്തുത സമിതിയുടെ പേരിൽ വരുന്ന പരാതികൾ സമിതിയെ ക്കൊണ്ടുതന്നെ അന്വേഷിപ്പിക്കാതെ മറ്റു രീതിയിൽ അന്വേഷിപ്പിക്കുന്നതിന് മേലധികാരികൾക്ക് അധികാരമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വനിതാ ജീവനക്കാർക്കു വേണ്ടി പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള സമിതി രൂപീകരിച്ചത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സമിതിയുടെ രൂപീകരണം സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത സമിതിയുടെ പരിപൂർണ്ണ നിയന്ത്രണം സമിതിയുടെ ചെയർപേഴ്സണിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സമിതിയുടെ പേരിൽ വരുന്ന സമിതിയുടെ അന്വേഷണ പരിധിയിൽ വരാത്ത വിഷയങ്ങൾ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കാൻ മേലധികാരിക്ക് വിവേചനാധികാരമുണ്ട്.

ഖാദി, കൈത്തറി ഉല്പന്നങ്ങൾക്ക് വിപണനം വർദ്ധിപ്പിക്കുന്നതിന് നടപടി

176 (2206) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ആഴ്ചയിൽ ഒരിക്കൽ കൈത്തറി-ഖാദി വസ്ത്രങ്ങൾ നിർബന്ധമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്